(ഇ) പുനർ വിന്യാസത്തിനെതിരായി പൊതുമരാമത്തുവകുപ്പിലെ എഞ്ചിനീയർമാരുടെയും തദ്ദേശ ഭരണ വകുപ്പിലെ എഞ്ചിനീയർമാരുടെയും തദ്ദേശ ഭരണ വകുപ്പുകളിലെ എഞ്ചിനീയർമാരുടെയും സംഘടനകൾ പത്തോളം കേസുകൾ ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുണ്ട്. ഇതിൽ ചിലതിൽ വന്ന ഇടക്കാല ഉത്തരവുകൾ നടപ്പിലാക്കേണ്ടിയിരുന്നതിനാലും വിന്യസിക്കപ്പെടേണ്ട ജീവനക്കാരുടെ ഓപ്ഷൻ പൂർണ്ണമായി ലഭിക്കാത്തതിനാലുമാണ് കാലതാമസം നേരിട്ടത്.

പയ്യാവൂർ പഞ്ചായത്ത് തെരഞ്ഞെടുപ്പ് സംബന്ധിച്ച കേസ്

42 (975) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പയ്യാവൂർ പഞ്ചായത്തിന്റെ പ്രസിഡന്റ് തെരഞ്ഞെടുപ്പും അവിശ്വാസ പ്രമേയ ചർച്ചയും സംബന്ധിച്ച് ഹൈക്കോടതിയിൽ ഗവൺമെന്റ് ഭാഗത്തിനുവേണ്ടി വാദിക്കാൻ ഏതെല്ലാം അഭിഭാഷകരെയാണ് നിയോഗിച്ചതെന്നും ഇവർക്ക് ഓരോരുത്തർക്കും ഫീസിനത്തിൽ എത്ര രൂപ നൽകിയെന്നും വെളിപ്പെടുത്തുമോ ;

(ബി) ഇതേ കേസ്സിൽ സുപ്രീം കോടതിയിൽ ഗവൺമെന്റിനുവേണ്ടിയും ഗവൺമെന്റ് ഉദ്യോഗസ്ഥർക്ക് വേണ്ടിയും ഏതെല്ലാം അഭിഭാഷകരാണ് കേസ് വാദിച്ചതെന്നും ഇവർക്ക് ഓരോരുത്തർക്കും ഫീസിനത്തിൽ എത്ര രൂപ നൽകിയെന്നും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) പയ്യാവൂർ പഞ്ചായത്തിന്റെ പ്രസിഡന്റ് തെരഞ്ഞെടുപ്പും അവിശ്വാസ പ്രമേയ ചർച്ചയും സംബന്ധിച്ച് ഹൈക്കോടതിയിൽ ഗവൺമെന്റ് ഭാഗത്തിനു വേണ്ടി സീനിയർ അഭിഭാഷകൻ ശ്രീ. ടി. പി. കേളു നമ്പ്യാർ, ഗവൺമെന്റ് പ്ലീഡർമാരായ ശ്രീ. കെ. ശശികുമാർ, ശ്രീ കെ. കെ. രവീന്ദ്രനാഥ്, ശ്രീ. കെ. ജയകുമാർ എന്നിവർ ഹാജരായിട്ടുണ്ട്. ഇവരിൽ ശ്രീ. ടി. പി. കേളു നമ്പ്യാർക്ക് ഫീസിനത്തിൽ 55,000 രൂപ നൽകിയിട്ടുണ്ട്. ഗവൺമെന്റ് പ്ലീഡർമാർക്ക് മാസശമ്പളമല്ലാതെ പ്രത്യേക ഫീസ് ഇല്ല.

(ബി) സുപ്രീം കോടതിയിൽ ഗവൺമെന്റിനു വേണ്ടിയും ഗവൺമെന്റ് ഉദ്യോഗസ്ഥർക്കുവേണ്ടിയും ശ്രീ. കെ. കെ. വേണുഗോപാൽ, ശ്രീ. സന്തോഷ് ഹെഗ്ഡെ, ശ്രീ. പി. പി. റാവു, ശ്രീ. എച്ച്. എൽ. സാൽവെ, ശ്രീ. സി. എസ്. വൈദ്യനാഥൻ ശ്രീ. ജി. പ്രകാശ് എന്നിവർ ഹാജരായിട്ടുണ്ട്. ഇവരിൽ ശ്രീ. ജി. പ്രകാശ് സുപ്രീം കോടതിയിൽ കേരള ഗവൺമെന്റിന്റെ പാനലിലുള്ള അഭിഭാഷകനാണ്. അഭിഭാഷകരുടെ ഫീസ് സംബന്ധിച്ച വിവരം ശേഖരിച്ചു സമർപ്പിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly